# കോട്ടക്കൽ നഗരസഭ /വിജ്ഞാപനം

R1/3852/2011

Date : 25/05/2011

1994 ലെ മുനിസിപ്പാലിറ്റി ആക്റ്റ് 233 ാം വകുപ്പ് (2)ഉം(5)ഉം ഉപവകുപ്പുകൾ പ്രകാരം കേരളസർക്കാർ, മുനിസിപ്പൽ കൗൺസിലുകൾ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗ ക്രമത്തിനനുസരിച്ച് ഒരു ച.മീ തറവിസ്ത്രീർണ്ണതിന് ബാധകമായ അടിസ്ഥാന വസ്തുനികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ 14/01/2011 ലെ സ ഉ(അ)നമ്പർ 17/2011 തസ്ഭവ വിജ്ഞാപനം, 14/01/2011 ൽ 79 നമ്പറിൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത വിജ്ഞാപന പ്രകാരം പുതിയ നിരക്കുകൾ, പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് 24/03/2011 ൽ കൂടിയ കോട്ടക്കൽ നഗരസഭാ കൗൺസിൽ 4(1) നമ്പർ തീരുമാനം പ്രകാരം താഴെ കാണിച്ചിട്ടുള്ള പട്ടിക പ്രകാരം വസ്തു നികുതി നിരക്ക് മേൽ പ്രസിദ്ധീകരിച്ച വിജ്ഞാപന പ്രകാരം നിശ്ചയിച്ച് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള വിവരം അറിയിച്ച് ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

## പട്ടിക

### ഒരുചതുരശ്രമീറ്റർ തറവിസ്ത്രീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നിരക്ക് |
|---|---|---|
| 1 | പാർപ്പിട ആവിശ്യത്തിനുള്ളവ | 6 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ | |
| | 1. 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 |
| | 2. 100 ച. മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 70 |
| | 3. 200 ച. മീറ്റർ വരെ തറ വിസ്തീർണ്ണ സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ്മാളുകൾ | 40 |
| | 4. 200 ച. മീറ്റ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ | 90 |
| | 5. ബങ്കുകൾ, പെട്ടിക്കടകൾ കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 40 |
| 3 | ആഫീസ് ഉപയോദഗത്തിനുള്ളവ (വ്യവസയശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 40 |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 6 |
| 5 | ആശുപത്രകൾ | 6 |
| 6 | അസംബ്ലി കെട്ടിട, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം. സിനിമാ തീയേറ്റർ, കല്യാണമണ്ഡപം, ലോഡ്ജ് | 30 |
| 7 | വവ്യസായ ആവശ്യത്തിനുള്ളവ | |
| | 1. കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, കശുവണ്ടി, ഫാക്ടറി ഷെഡ്. മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്,ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടികചൂള, തടിമിൽ | 15 |
| | 2. ഇതരവ്യവസായാവശ്യത്തിനുള്ളവ | 50 |
| 8 | റിസോർട്ടുകൾ | 80 |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 30 |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 400 |

സെക്രട്ടറി
കോട്ടക്കൽ നഗരസഭ